| | | | | |
|---|---|---|---|---|
| | | | | നിയമപരമായി തെറ്റില്ല. |
| (ജി) | ജൂനിയർ അഭിഭാഷകരെ കേസ്സ് നടത്തുവാൻ ബന്ധപ്പെട്ടവർ ചുമതലപ്പെടുത്തുന്നത് കോർപ്പറേഷനുമായുള്ള കരാർ അനുസരിച്ചാണോ; വ്യക്തമാക്കുമോ; | (ജി) | ജൂനിയർ അഭിഭാഷകരെ കേസ്സ് നടത്തുവാൻ സ്റ്റാൻഡിംഗ് കോൺസിൽ ചുമതലപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലാണ്. | ജൂനിയർ അഭിഭാഷകരെ കേസ്സ് നടത്തുവാൻ സ്റ്റാൻഡിംഗ് കോൺസിൽ ചുമതലപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലാണ്. |
| (എച്ച്) | ഈ സർക്കാർ അധികാരമേറ്റശേഷം മോട്ടോർ വാഹന കേസ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എന്തു തുകയാണ് അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയത്? | (എച്ച്) | വിവരം ശേഖരിച്ചു വരുന്നു. | ഈ സർക്കാർ അധികാരമേറ്റ ശേഷം മോട്ടോർ വാഹന കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. അഭിഭാഷകർക്ക് ഫീസ് ഇനത്തിൽ 14,79,740/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | | | | |
|---|---|---|---|---|
| | വിശദമാക്കുമോ; | | ഇവർ ഹാജരായ കേസുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ് സ്റ്റാന്റിംഗ് കോൺസലിന്റെ അഭാവത്തിൽ ജൂനിയർ അഭിഭാഷകർ കോടതിയിൽ ഹാജരാകാറുണ്ട്. | (02.08.2011) 698 കേസ്സുകൾ<br>Adv. Joy George - (13.04.2012,) 15 കേസ്സുകൾ<br>Adv. P.K.Behnan - (26.09.2011) Nil<br>Adv. P.P. Soman Nair - (26.09.2011) Nil<br><br>സ്റ്റാന്റിംഗ് കോൺസലിന്റെ അഭാവത്തിൽ ജൂനിയർ അഭിഭാഷകർ കോടതിയിൽ ഹാജരാകാറുണ്ട്. |
| (എഫ്) | കോർപ്പറേഷൻ നിയമിച്ച അഭിഭാഷകൻ നേരിട്ടു ഹാജരാകാത്തതിനാലാണ് പല കേസ്സുകളിലും പ്രതികൂല വിധി ഉണ്ടാകുന്നതെന്നതും ശ്രദ്ധയിൽപ്പെട്ടുവോ; | (എഫ്) | കോർപ്പറേഷൻ നിയമിച്ച അഭിഭാഷകൻ നേരിട്ട് ഹാജരാകാത്തതിനാലാണ് പല കേസ്സുകളിലും പ്രതികൂല വിധി ഉണ്ടാകുന്നതെന്നത് ശരിയല്ല. വിവിധ കോടതികളിൽ കെ.എസ്.ആർ.ടി.സി. യുടെ കേസ്സുകൾ വരുന്ന സാഹചര്യങ്ങളിൽ കോർപ്പറേഷൻ നിയമിച്ച അഭിഭാഷകന് നേരിട്ട് ഒരേ സമയം ഹാജരാകുവാൻ സാധിക്കാത്ത സാഹചര്യങ്ങളി<br><br>ലാണ് ജൂനിയർ അഭിഭാഷകൻ ഹാജരാകുന്നത്.<br>എന്നാൽ കോർപ്പറേഷൻ നിയമിച്ച അഭിഭാഷകൻ നേരിട്ട് ഹാജരാകേണ്ട എല്ലാ കേസ്സുകളിലും തന്നെ സ്റ്റാന്റിംഗ് കോൺസൽ നേരിട്ടുതന്നെ ഹാജരാകാറുണ്ട്. സ്റ്റാൻഡിംഗ് കോൺസിലിന്റെ അഭാവത്തിൽ ജൂനിയർ അഭിഭാഷകർ കോടതിയിൽ ഹാജരാകുന്നതിൽ നിയമപരമായി തെറ്റില്ല. | കോർപ്പറേഷൻ നിയമിച്ച അഭിഭാഷകൻ നേരിട്ട് ഹാജരാകാത്തതിനാലാണ് പല കേസ്സുകളിലും പ്രതികൂല വിധി ഉണ്ടാകുന്നതെന്നത് ശരിയല്ല. വിവിധ കോടതികളിൽ കെ.എസ്.ആർ.ടി.സി. യുടെ കേസ്സുകൾ വരുന്ന സാഹചര്യങ്ങളിൽ കോർപ്പറേഷൻ നിയമിച്ച അഭിഭാഷകന് നേരിട്ട് ഒരേ സമയം ഹാജരാകുവാൻ<br><br>സാധിക്കാത്ത സാഹചര്യങ്ങളിലാണ് ജൂനിയർ അഭിഭാഷകൻ ഹാജരാകുന്നത്.<br>എന്നാൽ കോർപ്പറേഷൻ നിയമിച്ച അഭിഭാഷകൻ നേരിട്ട് ഹാജരാകേണ്ട എല്ലാ കേസ്സുകളിലും തന്നെ സ്റ്റാന്റിംഗ് കോൺസൽ നേരിട്ടുതന്നെ ഹാജരാകാറുണ്ട്. സ്റ്റാൻഡിംഗ് കോൺസിലിന്റെ അഭാവത്തിൽ ജൂനിയർ അഭിഭാഷകർ കോടതിയിൽ ഹാജരാകുന്നതിൽ |

| | | | | |
|---|---|---|---|---|
| | | | ചെയ്യുന്നത്. പ്രസ്തുത വിധികൾ തോൽവിയായി കണക്കാക്കുവാനും കോടതി വിധി അനുസരിച്ചുള്ള തുക കെട്ടിവെയ്ക്കുന്നത് നഷ്ടമായി കണക്കാക്കുവാനും സാധിക്കുകയില്ല. | വിധിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത വിധികൾ തോൽവിയായി കണക്കാക്കുവാനും കോടതി വിധി അനുസരിച്ചുള്ള തുക കെട്ടിവെയ്ക്കുന്നത് നഷ്ടമായി കണക്കാക്കുവാനും സാധിക്കുകയില്ല. |
| (സി) | ഇത്തരം കേസ്സുകൾ തോൽക്കുവാൻ കാരണം കെ.എസ്.ആർ.ടി.സി. നിയോഗിച്ച അഭിഭാഷകരുടെ വീഴ്ചയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി. നിയോഗിച്ച അഭിഭാഷകരുടെ വീഴ്ചമൂലം കോർപ്പറേഷന് എതിരായി വിധി ഉണ്ടായിട്ടില്ല. | കെ.എസ്.ആർ.ടി.സി. നിയോഗിച്ച അഭിഭാഷകരുടെ വീഴ്ചമൂലം കോർപ്പറേഷന് എതിരായി വിധി ഉണ്ടായിട്ടില്ല. |
| (ഡി) | എങ്കിൽ ആയത് പരിഹരിക്കുവാൻ കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | | | |
| (ഇ) | കെ.എസ്.ആർ.ടി.സി. യുടെ ബഹു. ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കോൺസലായി<br><br>ഈ സർക്കാർ നിയമിച്ചത് ആരെയാണ്; ഇദ്ദേഹം കോർപ്പറേഷനുവേണ്ടി എത്ര കേസ്സിൽ ഹാജരായി; ഇദ്ദേഹം ഹാജരാകാതെ വന്നാൽ പകരം ജൂനിയർ അഭിഭാഷകരെയാണോ കോർപ്പറേഷനുവേണ്ടി ഹാജരാക്കുന്നത്; | (ഇ) | കെ.എസ്.ആർ.ടി.സി. യുടെ ബഹു.ഹൈക്കോടതിയിലെ സ്റ്റാന്റിംഗ് കോൺസലായി<br><br>സർക്കാർ നിയമിച്ചവരുടെ പേരുവിവരം താഴെ പറയുന്ന പ്രകാരമാണ്.<br><br>**Adv. Babu Joseph Karuvathazha**<br>**Adv. Joy George**<br>**Adv. P.K.Behnan**<br>**Adv. Soman Nair** | കെ.എസ്.ആർ.ടി.സി. യുടെ ബഹു.ഹൈക്കോടതിയിലെ സ്റ്റാന്റിംഗ് കോൺസലായി<br><br>സർക്കാർ നിയമിച്ചവരുടെ പേരുകളും നിയമന തീയതിയും ഇവർ കെ.എസ്.ആർ.ടി.സി.യ്ക്ക് വേണ്ടി ഹാജരായ കേസുകളുടെ എണ്ണവും താഴെ പറയുന്ന പ്രകാരമാണ്.<br><br>**Adv. Babu Joseph Karuvathazha -** |

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5195 — 05.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുടെ മോട്ടോർ വാഹന കേസ്സുകളുടെ വിശദാംശം

ചോദ്യം — ശ്രീമതി. കെ. എസ്. സലീഖ

ഉത്തരം — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | ചോദ്യം | | 05.07.2012 -ൽ നൽകിയ മറുപടി | പുതുക്കിയ മറുപടി |
|---|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ബഹു. ഹൈക്കോടതിയിലടക്കം സംസ്ഥാനത്തെ വിവിധ കോടതികളിലായി മോട്ടോർ വാഹനക്കേസുകളിൽ കെ.എസ്.ആർ.ടി.സി. യുടെ എത്ര കേസ്സുകൾ പരിഗണനയിൽ വന്നു; അതിൽ എത്ര കേസ്സുകൾ കെ.എസ്.ആർ.ടി.സി. തോറ്റു; ഏതെങ്കിലും കേസ്സുകളിൽ ജയിച്ചുവോ; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ MACT കോടതികളിലായി 143 കേസ്സുകളും ബഹു. ഹൈക്കോടതിയിൽ 43 MACA കേസ്സുകളും 165 റൂട്ട് കേസ്സുകളും ഉണ്ടായിട്ടുണ്ട്. MACT കേസ്സുകളിൽ അപകടത്തിൽപെടുന്ന ആളിനോ അവകാശികൾക്കോ കോടതി നഷ്ടപരിഹാരമായി നിയമാനുസൃതമായ തുക നല്കുവാനാണ് വിധിക്കുന്നത്. അതുകൊണ്ടുതന്നെ MACT കേസ്സുകളിൽ തോൽവി, ജയം എന്നിവയില്ല. | ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ MACT കോടതികളിലായി 143 കേസ്സുകളും ബഹു. ഹൈക്കോടതിയിൽ 43 MACA കേസ്സുകളും 165 റൂട്ട് കേസ്സുകളും ഉണ്ടായിട്ടുണ്ട്. MACT കേസ്സുകളിൽ അപകടത്തിൽപെടുന്ന ആളിനോ അവകാശികൾക്കോ കോടതി നഷ്ടപരിഹാരമായി നിയമാനുസൃതമായ തുക നല്കുവാനാണ് വിധിക്കുന്നത്. അതുകൊണ്ടുതന്നെ MACT കേസ്സുകളിൽ തോൽവി, ജയം എന്നിവയില്ല. |
| (ബി) | കേസ്സുകൾ തോറ്റ വകയിൽ കോർപ്പറേഷന് എത്ര ലക്ഷം രൂപയുടെ നഷ്ടം വന്നു; | (ബി) | MACT കേസ്സുകളിൽ അപേക്ഷകർക്ക് നിയമാനുസൃതമായി അർഹയുള്ള തുക കോടതി വിധിക്കുകയാണ് | MACT കേസ്സുകളിൽ അപേക്ഷകർക്ക് നിയമാനുസൃതമായി അർഹയുള്ള തുക കോടതി |